Palace, I for one cannot but condemn that very mentality underlying that policy.

One reason advanced for the opposition was that there is a dispensary at Chennamangalam. I understand that. But what I cannot understand is the manner in which Government is guided by mechanical rules. They say that there is a dispensary every 5 miles. I say it is not this 5 mile rule that should be taken into account in the matter of providing medical aid. The supreme thing that should be taken into account in these matters, is the health of the people. Besides being thickly populated, the island of Gothuruthy is disabled by natural conditions from getting easy medical aid from neighbouring parts. These things should be viewed by common-sense rather than by simple mechanical calculations. As I have already explained this island is surrounded on all sides by deep water, especially during monsoon times. Then it will be difficult and dangerous to cross the ferry with a dying patient (*laughter*) to Chennamangalam or Cranganur. Somehow or other we do not wish to end trouble by exterminating the patient in a watery grave. We do not want the alternative, of killing the patient to curing him. If the curing of the patient is considered to be more important, I say, there is real necessity for this dispensary. And being a small island with thickly populated area, I do not think it will be a waste on the part of the Government to establish a grant-in-aid dispensary for these 6,000 people, in view of the revenue that is being collected from these parts. Under the mechanical rule of 5 mile area, in certain cases, there may not even be 6,000 people in 10 sq. miles. Government should not deny this legitimate right of this island to get proper medical aid which all other people of His Highness the Maharaja enjoy. I therefore feel constrained to press this resolution to a division.

Resolution put to vote and carried

The House rose for lunch at 1-5 p.m. and re-assembled at 2-30 p.m. with the Hon'ble Deputy President in the Chair.

2. Fixing the wages of coolies when tenders for works are called for

മിസ്റ്റർ കെ. പി. വള്ളോൻ : മിസ്റ്റർ പ്രസിഡണ്ട്, സർ, ഈ നിശ്ചയം "ഗവൺമെണ്ടിൽനിന്നും കൺട്രാക്ടുകാർ ടെണ്ടർ വിളിക്കുമ്പോൾ തൊഴിലുകളുടെ സ്ഥിതിഗതികൾ അനുസരിച്ചു തൊഴിലാളികളുടെകൂലിക്കും ഒരു ക്ലിപ്തം നിശ്ചയിച്ചു" ടെണ്ടർ ഉറപ്പിക്കേണ്ടതാണെന്ന ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോട് ശുപാർശ ചെയ്യുകൊള്ളുന്നു" എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ രാജ്യത്തെ തൊഴിലാളികളുടെ സ്ഥിതിഗതികൾ വളരെ കഷ്ടാവസ്ഥയിൽ ഇരിക്കുന്നു എന്ന പരമാർത്ഥം എല്ലാവർക്കും അറിയാവുന്ന ഒന്നാണ്. എന്നാൽ തൊഴിലാളികളുടെ കാര്യങ്ങൾ നിയമസഭയിൽ വരുമ്പോൾ അതു് പ്രായോഗികമല്ല, സാദ്ധ്യമല്ല, എന്നു പറഞ്ഞു അതു തള്ളിക്കളയുകയാണു് സാധാരണ പതിവു്". പക്ഷെ, ഇതു് ആ രൂപത്തിൽ തള്ളിക്കളയാവുന്ന ഒന്നല്ല. ഗവൺമെണ്ടിനു എളുപ്പത്തിൽ നടപ്പിൽ വരുത്താവുന്ന ഒരു സംഗതിയാണു് ഈ റസല്യൂഷനിൽ ഉള്ളതു്. ഗവൺമെണ്ടു വക ജോലികളെല്ലാം കൺട്രാക്ടു കൊടുക്കുന്നുണ്ടു്. കൺട്രാക്ടു നടത്തുന്നവർ വളരെ തുച്ഛമായ കൂലിയാണു് ജോലിക്കാർക്കു് കൊടുത്തുവരുന്നതു്. ഒരു തൊഴിലാളിക്കു ഒരു ദിവസം വേല ചെയ്താൽ അഹോവൃത്തി കഴിച്ചുകൂട്ടുവാനുള്ള ഒരു സംഖ്യ കിട്ടുന്നില്ലെങ്കിൽ എങ്ങിനെയാണു് ആ തൊഴിലാളി ജീവിക്കുക. രണ്ടണ വീതം കൂലി കൊടുക്കുന്ന ചില കൺട്രാക്ടർമാർ ഉള്ളതായി എനിക്കറിയാം. ഒരു ദിവസം രണ്ടണ കിട്ടിയതുകൊണ്ടു് ഒരു മനുഷ്യനു ശരിയായി ജീവിക്കുവാൻ സാദ്ധ്യമല്ല. ഈ കൺട്രാക്ടുകൾ കൊടുക്കുമ്പോൾതന്നെ ഇന്ന നിരക്കിലുള്ള കൂലി കൊടുക്കണമെന്ന ചില നിബന്ധനകളുണ്ടെങ്കിലും അതു നടപ്പിൽ ഇല്ലെന്നുള്ളതാണു് എനിക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിനേയും സഭയേയും ധരിപ്പിക്കുവാനുള്ളതു്.

തൊഴിലാളികൾക്കു് സംഘടന ഇല്ലെന്നുള്ളതു് എല്ലാവർക്കും അറിയാം. ഫാക്ടറി തൊഴിലാളികൾക്കു് സംഘടനയുണ്ടു്. ഈ വക തൊഴിലാളികൾക്കു് അതില്ല. തൊഴിലാളി മെമ്പർമാരും തൊഴിലാളി നിയമങ്ങളുമൊക്കെ ഗവൺമെൻറു് അംഗീകരിച്ചു് നടപ്പിൽ വരുത്തിയിരിക്കുന്ന സ്ഥിതിക്കു് ഈ നിബന്ധനയും ഗവൺമെൻറു് അംഗീകരിച്ചു് സാധു തൊഴിലാളികളെക്കൂടി പട്ടിണിയിൽനിന്നും രക്ഷപ്പെടുത്തണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. മറ്റു വിധത്തിൽ ചില വിഷമതകളുണ്ടെന്നു് ഗവൺമെൻറു് പറയുമായിരിക്കാം. അന്യരാജ്യത്തുനിന്നും തൊഴിലാളികൾ ഇവിടെ വന്നു് ചുരുങ്ങിയ കൂലിക്കു് വേലചെയ്യുമെന്നു് കൺട്രാക്ടർമാർ പറയുന്നതായിട്ടും എനിക്കറിയാം. അന്യരാജ്യത്തുനിന്നു വരുന്ന തൊഴിലാളികൾ അവരുടെ ഓരോരുത്തരുടേയും വയറു പിഴപ്പിനുവേണ്ടി മാത്രം വരുന്നവരാണു്. എന്നാൽ ഈ രാജ്യത്തു് സ്ഥിരതാമസക്കാരായ തൊഴിലാളികൾക്കു് അവരുടേയും അവരുടെ കുഞ്ഞുങ്ങളുടേയും വയസ്സായ മാതാപിതാക്കളുടേയും വയറുകഴിക്കേണ്ടകാര്യമുണ്ടുള്ളതു്. അതുകൊണ്ടു് ഈ രാജ്യത്തെ തൊഴിലാളികളുടെ രക്ഷക്കുവേണ്ടി കട്ടും താമസിയാതെ ഈ നിയമം നടപ്പിൽ വരുത്തണമെന്നുള്ളതാണു് എനിക്കു ബഹുമാനപ്പെട്ട ഗവൺമെൻറിനെ ധരിപ്പിക്കുവാനുള്ളതു്". ഇതിന്റെ ആവശ്യകതയെപ്പറ്റി എല്ലാമെമ്പർമാർക്കും അറിവുള്ളതാണു്. ഒരുപക്ഷെ ഗവൺമെൻറു് ഇതിനെ എതിർക്കുകയാണെങ്കിൽ എല്ലാ അനുദ്യോഗസ്ഥ സാമാജികന്മാരും കൂടി ഇതിനെ പാസാക്കി തരണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ബഹുമാനപ്പെട്ട സഭാമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ വി. കെ. കുട്ടി: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന സംഗതികൾ വളരെ വിഷമമേറിയ ഒന്നാണെന്നു് എനിക്കു തോന്നുന്നില്ല. ഒരു പണിയുടെ എസ്റ്റിമേറു് തയ്യാറാക്കുമ്പോൾ സാധാരണയായി കൂലിയെ വ്യവസ്ഥപ്പെടുത്തിക്കൊണ്ടു് ഒരു സംഖ്യ അതിൽ ചേർക്കാറുണ്ടു്. അതായതു് ഒരാൾക്കു് ഇന്നാറെയിറവുകാരം കൂലി കൊടുക്കണമെന്നു് നിശ്ചയിക്കാറുണ്ടു്. അതുകൊണ്ടു് ഒരു പണിക്കുള്ള എസ്റ്റിമേറു് തയ്യാറാക്കുമ്പോൾ ആ വക്കിന്റെ സ്വഭാവമനു

LIBRARY ARCHIVES Kerala Legislative Assembly

സരിച്ചുള്ള കൂലി ഇന്നതാണെന്ന് ഗവൺമെൻറിനറിയാം. പണി ടെണ്ടർ വിളിച്ചു കൊടുക്കുമ്പോൾ ഇരുപതോ ഇരുപത്തഞ്ചോ ശതമാനം കിഴിവു" ഗവൺമെൻറിന്നു് കിട്ടുമായിരിക്കാം. ഈ നിസ്സാരമായ സംഖ്യ ആശിക്കുന്നതുകൊണ്ടാണു് ഈ വിഷയത്തിൽ പല വിഷമങ്ങളും ഉള്ളതായി കാണുന്നതു്. ആയിരം രൂപാ ചിലവുചെയ്തു ഒരു പണി ചെയ്യുവാൻ നിശ്ചയിക്കുന്ന ഒരു കെട്ടിടത്തിന്നു, ആ ആയിരം രൂപയ്ക്കുതന്നെ ഗവൺമെൻറു് ബഡ്ഡറിൽ കൊള്ളിക്കുകയും ചെയ്യുന്നുണ്ടു്. പിന്നെ ഇതിൽനിന്നു് ഒരു ടെണ്ടർ കിഴിവു ഗവൺമെൻറു് ആശിക്കേണ്ട ആവശ്യമില്ല. ഈ ടെണ്ടർ കിഴിവിൽനിന്നു് എന്തെങ്കിലും വരുമാനം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നതിന്റെ അർത്ഥം പൊതുജനങ്ങളുടെ പ്രയത്നഫലത്തിൽനിന്നും എന്തെങ്കിലും ബാക്കിവരുത്തണമെന്നുള്ളതാണു്. അതു് ഗവൺമെൻറു് സ്വീകരിക്കാമെന്നു് വിചാരിക്കാവുന്നതാണു് ഇതിൽ യാതൊരു വിഷമവും വരുകയില്ല. അടുത്തതന്നെ എനിക്കും ഒരു പ്രസ്താവം അവതരിപ്പിക്കുവാനുള്ളതുകൊണ്ടു" ഞാൻ കൂടുതലായി ഇതിനെപ്പറ്റി പറയുന്നില്ല.

ഇനി മറെറാരു സംഗതി എനിക്കു പറവാനുള്ളതു് പല്ലാവൂർമുതൽ റിക്രൂട്ടേഷൻവരെ മെയിൻവെയ്റ്റിയടുപ്പിച്ചു ചാലക്കുടിക്കു സമീപമുള്ള തിരുവിതാംകൂർ രാജ്യങ്ങളിൽനിന്നാണു" ഇവിടെ ആളുകളെ ഇറക്കുമതി ചെയ്യുന്നുള്ളതാണു്. ഈ സംഗതി ഇതിന്നുമുമ്പുതന്നെ ഞാൻ ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടു്.

മിസ്റ്റർ എ. വി. മുത്തേടൻ: ചാലക്കുടിയിൽനിന്നു് കൊണ്ടുവരാൻപാടില്ലേ?

മിസ്റ്റർ വി. കെ. കൂട്ടി: ചാലക്കുടിയല്ല, അങ്കമാലിയിൽനിന്നാണു്. കറുകുറ്റിക്കു പുറത്തുനിന്നു് ആളുകളെ കിട്ടിയേക്കും. പക്ഷെ നമ്മുടെ നാട്ടിലെ സ്ഥിതിഗതികളെക്കൂടി നാം നോക്കേണ്ടതാണു്. നമ്മുടെ നാട്ടിൽ ആളുകൾ പണിയില്ലാതെ പട്ടിണി കിടക്കുമ്പോൾ അന്യരാജ്യത്തുനിന്നു് ഇവിടെ കറുകുറ്റിക്കു് ആളുകളെ കൊണ്ടുവന്നു് പണിയെടുപ്പിക്കുന്നതു് അനുവദിക്കുവാൻ പാടുള്ളതല്ല. പുറത്തുനിന്നു് ആൾക്കാരെ കൊണ്ടുവരുന്നതു് കൺട്രാക്ടരുടെ ആദായത്തിന്നുവേണ്ടിയാണു്. അതുകൊണ്ടു് വിദേശങ്ങളിൽനിന്നു് ഇങ്ങോട്ടു പണിക്കാരെ ഇറക്കുമതിചെയ്യുന്ന സമ്പ്രദായം ഇല്ലാതാക്കുവാനും ഈ രാജ്യത്തെ പട്ടിണി നിർത്തുവാനും ഗവൺമെൻറു് വിചാരിക്കുന്നതെങ്കിൽ ഈ പ്രമേയം ഗവൺമെൻറു് സ്വീകരിച്ചു് നടപ്പിൽ വരുത്തണമെന്നാണു് എനിക്കപേക്ഷയുള്ളതു്.

Mr. V. K. Aravindaksha Menon *(Chief Engineer):* Sir, the idea contained in this resolution is no doubt a good one. But I sincerely doubt whether it will be possible to enforce this in actual practice. It is one of the conditions of the agreement of our contracts that the contractors are expected to employ local labour in the several parts of the State. So there is absolutely no question of their importing outside labour to do our works. If a work is situated in Kunnamkulam the contractors ought to employ only people who are residents of Kunnamkulam and we stipulate that as one of the clauses of the agreement.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. R. Iyyunni *(Trichur-South):* May I know Sir, whether that clause is being insisted upon by the authorities.

Mr. V. K. Aravindaksha Menon *(Chief Engineer):* Yes. Generally we insist. If there is any complaint, we take proper action. To stipulate that a contractor should give 4 as. to a worker or 3 as. or 5 as. is a thing which is very difficult to enforce. In these matters the contractors ought to be given a free-hand in the choice in the disposition of their labour. Otherwise it will be impossible for them to carry on the work as economically as possible. On these grounds, I think that it may not be wise for us to accept this resolution in its entirety.

Mr. K. M. Ibrahim *(Cranganur):* On a point of information Sir, was it not once submitted to the House that in the matter of contracts from the Government minimum wages were being enforced? I remember definitely that once before, a kind assurance was given by the hon'ble member, that in these matters, a minimum wage was insisted upon.

Mr. V. K. Aravindaksha Menon *(Chief Engineer):* I know as a matter of fact that in the large works that we have now undertaken, for instance, the Shanmukham canal work, all the coolies are getting between 4½ as. and 5 as. I used to ask the coolies during my inspections and they used to tell me that they are getting 4½ as. to 5 as. while our scheduled rate for ordinary coolies is only 6 as.

Mr. A. B. Salem *(Mattancheri):* Sir, I rise to support this resolution. It is very necessary that this Council and the Government should co-operate to put as much money as possible in the hands of labourers. They are the poorest section and they are the largest section of the population and it is our incumbent duty to do everything that is possible to ameliorate their condition, give them as much as we practically can and make such alterations in our Rules and Regulations as would be possible to give effect to this desire of putting some money into the hands of the labourers. I do not say that all contractors are bad. I do not say that all contractors have no eye on their own profit. But when Government works are being done, I am sure, in the estimates, you have in your mind's eye the amount of labour that is involved and the number of hands that are required and the amount of money necessary for the work. That money minus a small provision for profit to the contractor should legitimately be going to the labourers.

Mr. M. Sivarama Menon *(Ernakulam):* What about tender deductions?

LIBRARY ARCHIVES Kerala Legislative Assembly

Mr. A. B. Salem *(Mattancheri):* Take that also into account. What I mean is whatever is ultimately estimated to go to the labour must go to labour.

Mr. V. K. Aravindaksha Menon *(Chief Engineer):* What about out-turn of work?

Mr. A. B. Salem *(Mattancheri):* I have got suggestions for that. For each unit of work done by the labourer, you must give a fixed wage. Supposing there is earth-work to be done that can be estimated. There it is absolutely labour and nothing else. In this matter there will be no difficulty. If boys are employed, they should be paid so much a unit. If adults are employed, they should be paid a fixed rate per unit. You can even give the adult and the boy a particular amount of work to be finished in a day. If he does'nt do that job a certain reduction can be made. Supposing he has to carry 100 basket-fuls of earth, he may be given a minimum wage of 4 as. or he may be given 1 pie for a basket. That kind of thing can legitimately be enforced in Government contracts. Now there are other kinds of labourers that have to be employed in contracts such as carpenters and other craftsmen. In such cases, it may not be possible to enforce this rule. But in the ordinary cooly labour of carrying things from one place to another, it could be safely adopted. I do not wish this matter to go to vote. But these remarks are made so that the Engineering Department may keep in mind these suggestions and do whatever they can.

Mr. K. M. Ibrahim *(Cranganur):* May we kindly know what exactly is the connotation of the words "scheduled rate 6-as."?

Mr. V. K. Aravindaksha Menon *(Chief Engineer):* We think that 6 as. a day is the proper wage for a cooly. For that 6 as. we also say that the cooly ought to do a certain amount of work. But sometimes he may not be doing that quantity of work and the contractor may not therefore give him the schedule rate. There are several such intermediate conditions to be allowed for.

Mr. C. R. Iyyunni *(Trichur-South):* In the case of a work where earth-work alone is done, is it not possible to fix a minimum rate for a cooly—where the soil is more or less of the same quality?

Mr. V. K. Aravindaksha Menon *(Chief Engineer):* It is possible. And in estimates we fix the rates for different classes of soil, for excavation and for carrying the spoils. But the point is, sometimes it may not be possible for the contractor to extract that amount of work from the coolies as the Government schedule contemplates and therefore some reduction of wages becomes necessary and is perhaps legitimate.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ: ഗവമ്മെണ്ടിനു് അടുത്തുതന്നെ ഇതു നടപ്പിൽ വരുത്തുവാൻ ഒരുമ്പെടുകയാണോ എന്നാണു് അറിയേണ്ടതു്.

Mr. V. K. Aravindaksha Menon *(Chief Engineer):* We shall make every endeavour to see that the coolies are paid properly by the contractors during our inspections as we do now.

മിസ്റ്റർ കെ. പി. വള്ളോൻ: സാധാരണ ഗവമ്മെണ്ടിനു എപ്പോഴും കണ്ടാക്ടർമാരെ സഹായിക്കണമെന്ന മനഃസ്ഥിതി മാത്രമാണു് കണ്ടുവരാറുള്ളതു്. അതു് ഗവമ്മെണ്ടു് ചെയ്യേണ്ടതാണെന്നു എനിക്കും അറിയാം. പക്ഷെ ഈ രാജ്യത്തെ സാധുക്കളായ ജനങ്ങൾക്കു, കഞ്ഞി കുടിക്കുവാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്ന ആളുകൾക്കു്, എന്തെങ്കിലും ഒരു പരിഹാരമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കേണ്ട ചുമതലയും ഗവമ്മെണ്ടിനുള്ളതാണു്. അതിനു ഗവമ്മെണ്ടിനു നിവൃത്തിയില്ല എന്നു പറയുന്നതിന്റെ അർത്ഥം സാധുക്കൾ കഷ്ടപ്പെടട്ടെ എന്നുള്ളതല്ലെ? ഗവമ്മെണ്ടുദ്യോഗം ഉള്ള ആളുകൾക്കു അവസാനം പെൻഷൻ കിട്ടുന്നുണ്ടു്. നൂറു ദിവസവും എളവില്ലാതെ സൂര്യോദയം മുതൽ അസ്തമിക്കുന്നതുവരെ പണിയെടുക്കുന്ന തൊഴിലാളികൾക്കു് അവസാനം കിട്ടുന്ന കൂലി പട്ടിണിമാത്രമാണു്. അവർക്കു കഞ്ഞികുടിക്കുന്നതിനുള്ള ഒരു മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കണമെന്നു മാത്രമെ ഞാൻ പറയുന്നുള്ളു. അവരെ പണക്കാരാക്കണമെന്നോ മുതലാളികളേക്കാൾ വലിയ മുതലാളിയാക്കണമെന്നോ അല്ല ഞാൻ പറയുന്നതു്. ഗവമ്മെണ്ടു് ഒന്നു മനസ്സിരുത്തിയാൽ മാത്രം മതിയാവുന്ന ഒരു കാര്യമാണു് ഇതു്. ഇപ്പോൾ രണ്ടണയും മൂന്നണയുമാണു് ഒരാൾക്കു കൂലി കൊടുക്കുന്നതു്. അതിനൊരു ഭേദഗതിയുണ്ടാക്കിയില്ലെങ്കിൽ ഇതു ഗവമ്മെണ്ടു് സാധുക്കളുടെപേരിൽ ചെയ്യുന്ന ഒരനീതിയെന്നു മാത്രമെ ഞാൻ വിചാരിക്കുന്നുള്ളു. ഗവമ്മെണ്ടു് ഇതു അംഗീകരിക്കുവാൻ സാധിക്കയില്ല എന്നു പറഞ്ഞതുകൊണ്ടു് ഞാൻ ഇതു് പ്രസ്താവിക്കുന്നു. എല്ലാ മെമ്പർമാരും സാധുക്കളുടെ രക്ഷക്കുവേണ്ടിയുള്ള ഈ പ്രമേയത്തെ അനുകൂലിച്ചു വോട്ടു ചെയ്യണമെന്നു അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

Resolution put to vote and carried

3. Creation of a separate Labour Department for effective administration of labour laws

മിസ്റ്റർ വി. കെ. കുട്ടി: സർ, "തൊഴിലാളി നിയമങ്ങളുടെ ശരിയായ നടത്തിപ്പിനും, തൊഴിൽ തർക്കങ്ങളെ ഉടനടി വിജയകരമായവിധം മദ്ധ്യസ്ഥതയിൽ കലാശിപ്പിക്കുന്നതിനും, തൊഴിലാളികളുടെ അവശതകളേയും ആവലാതികളേയും യഥാവസരം അന്വേഷിച്ചു് അവയ്ക്കു് തീരുമാനം കല്പിക്കുന്നതിനുമായി ഒരു ലേബർ ഡിപ്പാർട്ടുമെണ്ടു് ഉടനെ തുറക്കണമെന്നും ഒരു ഫുൾ ടൈം ലേബർ ഉദ്യോഗസ്ഥനെ നിയമിക്കണമെന്നും മഹാരാജാവു തിരുമനസ്സിലെ ഗവമ്മെണ്ടിനോടു് ഈ സഭ ശുപാർശചെയ്യുന്നു" ഇതാണു് എന്റെ പ്രമേയം.

ഈ രാജ്യത്തെ തൊഴിലാളികളുടെ തൊഴിലുകളെ നിയന്ത്രിക്കുന്നതിനും അവരുടെ കൂലികളെ ക്രിപ്പപ്പെടുത്തുന്നതിനും മറ്റും എത്രയെല്ലാം പരിശ്രമങ്ങൾ തന്നെ ഉണ്ടായിരുന്നാലും അവകളെ ശരിയായ വിധത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതിയും അത്യാവശ്യമായിട്ടുള്ളതാണു്. കൊച്ചി രാജ്യത്തു്

LIBRARY ARCHIVES Kerala Legislative Assembly